"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്-ലൈഫ് മിഷൻ-ജീവനക്കാര്യം - ലൈഫ് മിഷൻ സംസ്ഥാന ഓഫീസിലെ പ്രോഗ്രാം മാനേജർ (അഡ്മിനിസ്ട്രേഷൻ) ശ്രീ. അനിൽകുമാർ. കെ-യുടെ അന്യത്ര സേവനം ദീർഘിപ്പിക്കുന്നതിന് അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2568/2021/ത.സ്വ.ഭ.വ    തീയതി,തിരുവനന്തപുരം, 15/12/2021

---

പരാമർശം:-

1. സ.ഉ (സാധാ)നം.2672/2019/ത.സ്വ.ഭ.വ, തീയതി 27/11/2019
2. സ.ഉ (സാധാ)നം.544/2021/ത.സ്വ.ഭ.വ, തീയതി 23/02/2021
3. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 21/10/2021 തീയതിയിലെ LF/10/2017/LIFE/HQ/Est./Dptn നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ലൈഫ് മിഷൻ സംസ്ഥാന ഓഫീസിൽ പ്രോഗ്രാം മാനേജർ (അഡ്മിനിസ്ട്രേഷൻ) ആയി പരാമർശം(1) പ്രകാരം 02/12/2019 മുതൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.കെ.അനിൽ കുമാറിന്റെ പരാമർശം(2) പ്രകാരമുള്ള നിലവിലെ അന്യത്ര സേവന കാലാവധി 02/12/2021-ൽ അവസാനിക്കുകയാണെന്നും ടിയാന്റെ അന്യത്ര സേവന കാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകുന്നതിന് ശ്രീ കെ അനിൽകുമാർ അപേക്ഷ സമർപ്പിക്കുകയും മാതൃവകുപ്പിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ടെന്നും ആയതിനാൽ ശ്രീ. കെ. അനിൽകുമാറിന് അന്യത്രസേവന കാലാവധി ഒരു വർഷക്കാലത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതിനായുള്ള അപേക്ഷയും പെർഫോമൻസ് അപ്രൈസലും മാതൃവകുപ്പിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യ പത്രവും ഉൾപ്പെടെ ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (3) പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ലൈഫ് മിഷൻ സംസ്ഥാന ഓഫീസിൽ ജീവനക്കാര്യം സംബന്ധിച്ച വിഷയങ്ങൾക്ക് പുറമെ ഭരണപരമായ കാര്യങ്ങൾ, അക്കൗണ്ട്സ് കേസ്സുകൾ, വിവരാവകാശം തുടങ്ങിയ പ്രധാന വിഷയങ്ങളും കൈകാര്യം ചെയ്യുന്ന ടിയാന്റെ സേവനം വളരെ അത്യാവശ്യമാകയാൽ ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ലൈഫ് മിഷൻ സംസ്ഥാന ഓഫീസിൽ പ്രോഗ്രാം മാനേജർ (അഡ്മിനിസ്ട്രേഷൻ) ആയി സേവനമനുഷ്ഠിക്കുന്ന ശ്രീ. കെ. അനിൽകുമാറിന്റെ നിലവിലെ അന്യത്രസേവന കാലാവധി അവസാനിക്കുന്ന 02/12/2021 മുതൽ ലൈഫ് മിഷൻ പുന:സംഘടന പൂർത്തിയാകുന്നതുവരെ ദീർഘിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

Pramod V R

ഡെപ്യൂട്ടിസെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ശ്രീ.അനിൽകുമാർ. കെ (ലൈഫ് മിഷൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മുഖാന്തിരം).

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂ മീഡിയ വിംഗ്, ഐ&പിആർഡി, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ